ജില്ലാ എമർജൻസി ഓപ്പറേറ്റിംഗ് സെന്റർ
കളക്ടറേറ്റ്, വയനാട്, കൽപ്പറ്റ.
ഫോൺ നമ്പർ: 04936 202251
ഇ മെയിൽ: deocwyd@gmail.com

**ചെയർപേഴ്സൺ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി & ജില്ലാ കളക്ടർ വയനാടിന്റെ നടപടിക്രമം**

(ഹാജർ: ഡോ.അദീല അബ്ദുള്ള ഐ എ എസ്)

വിഷയം: ഡിസാസ്റ്റർ മാനേജ്മെന്റ്- കോവിഡ്-19- പി എച്ച് സി കളിൽ മെഡിക്കൽ വളണ്ടിയർമാരെ നിയോഗിക്കുന്നത്- സംബന്ധിച്ച്

---

DCWYD/2909/2020(3)-DM1 തീയ്യതി: 04.04.2020

---

കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ പഞ്ചായത്തുകളിലെയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ മെഡിക്കൽ ഓഫീസർമാരെ സഹായിക്കുന്നതിനും ജീവിതശൈലീ രോഗനിർണ്ണയത്തിൽ സഹായിക്കുന്നതിനുമായി വളണ്ടിയർമാരെ നിശ്ചയിച്ചുകൊണ്ടും അവരെ ഓരോ ആരോഗ്യ കേന്ദ്രത്തിലെയും മെഡിക്കൽഓഫീസർമാരുടെ നിയന്ത്രണത്തിൽ താഴെപറയുന്ന രീതിയിൽ നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

1. ഓരോ പ്രാഥമികാരോഗ്യ/ കുടുംബാരോഗ്യ കേന്ദ്രത്തിലും രണ്ട് വീതം വളണ്ടിയർമാരെ നിയോഗിക്കുന്നതാണ്.
2. ഈ വാളണ്ടിയർമാർ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശാനുസരണം മാത്രം പ്രവർത്തിക്കേണ്ടതാണ്.
3. പ്രത്യേകം പരിശീലനം ലഭിച്ച റെഡ്ക്രോസ് വളണ്ടിയർമാരെ ഈ ആവശ്യത്തിനായി നിയോഗിക്കേണ്ടതാണ്.
4. ഇതോടൊപ്പമുള്ള ലിസ്റ്റനുസരിച്ച് വളണ്ടിയർമാർ അവർക്കനുവദിച്ച ആരോഗ്യകേന്ദ്രങ്ങളിൽ 05.04.2020 മുതൽ 14 ദിവസം പ്രവർത്തിക്കേണ്ടതാണ്.
5. മതിയായ സുരക്ഷാ മുൻകരുതൽ എടുത്ത് മാത്രം വോളണ്ടിയർമാർ പ്രവർത്തിക്കുന്നുവെന്ന് ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്.
6. വളണ്ടിയർമാരുടെ ജില്ലാതല നോഡൽ ഓഫീസർ ആയ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ ഇതിന്റെ ഏകോപനം നടത്തേണ്ടതാണ്.

7. NCD ഡയഗ്നോസിസ് വളണ്ടിയർമാരെ മെഡിക്കൽ ഓഫീസർ തന്നെ തിരഞ്ഞെടുത്ത്, ഫ്രീ പാസ്സിൽ പേരെഴുതി രേഖപ്പെടുത്തുക. നിലവിൽ NCD ടെസ്റ്റിംഗ് നടത്തുന്നത് പോലെ ഹൌസ് യൂനിറ്റിൽ സർവ്വീസ് നൽകേണ്ടതാണ്.

8. നിരീക്ഷണത്തിൽ കഴിയുന്ന ആളുകളുടെ ക്ഷേമം, നിഷ്കർഷ എന്നിവ പാലിക്കുന്നതിന് ഈ വോളണ്ടിയർമാർ മെഡിക്കൽ ഓഫീസർമാർക്ക് ആവശ്യമായ സേവനം നൽകേണ്ടതുമാണ്.

ചെയർപെഴ്സൺ ജില്ലാ ദുരന്തനിവാരണ

അതോറിറ്റി & ജില്ലാ കളക്ടർ,

To

1. ഡി എം ഒ (ആരോഗ്യം), വയനാട്.
2. പ്രോജക്റ്റ് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം, വയനാട്.
3. ഡിഡി പഞ്ചായത്ത്, വയനാട്.